ഗവ. മോഡൽ
ഹയർ സെക്കന്ററി സ്കൂൾ

ചാവടിനട, വെങ്ങാനൂർ




# മുത്തുമണികൾ



# സന്ദേശം

അക്ഷര വടിവുകൾ ഡിജിറ്റൽ കളങ്ങളിലേക്ക് ചുവടുമാറുകയാണല്ലോ.

കാലഘട്ടത്തിനൊപ്പം നമ്മുടെ കുട്ടികളും സഞ്ചരിക്കുന്നു. പ്രതിഭാശാലികൾ ഏതു പ്ലാറ്റ്ഫോമിലായാലും തിളങ്ങുക തന്നെ ചെയ്യും. നമ്മുടെ മിടുക്കർക്കു അവസരമൊരുക്കേണ്ടത് നമ്മുടെ കടമയാണ്. അതിനുള്ള ശ്രമഫലമാണീ മാഗസിൻ. നേതൃത്വം നൽകുന്ന രാജീവ് സാറിനും ടീമംഗങ്ങൾക്കും അഭിനന്ദനങ്ങൾ. മുത്തുമണികൾ, എന്ന ഈ കൊച്ചു മാസിക നിങ്ങളുടെ സ്കൂൾ ജീവിതത്തെ അവിസ്മരണീയമാക്കട്ടെ.

ആശംസകൾ

സ്നേഹപൂർവ്വം

**ഹെഡ്മിസ്ട്രസ്സ്**
**സുഖി. ഡി.ഒ.**

# മുഖക്കുറി

വരികൾക്കിടയിൽ വായിച്ചു മുന്നേറുന്ന പുതുതലമുറയ്ക്ക് തങ്ങളുടെ വരകളും അക്ഷരങ്ങളും നവസൃഷ്ടിയിലൂടെ പ്രകടിപ്പിക്കാൻ മുത്തുമണികൾ എന്ന ചെറു മാസിക സഹായമായെങ്കിൽ ഞാൻ ധന്യനായി.

കൂട്ടുകാർക്കൊപ്പം ഒരു ടീമായി പ്രവർത്തിച്ച അദ്ധ്യാപകർ, ഹെഡ്മിസ്ട്രെസ്, പി റ്റി എ പ്രസിഡന്റ്, സ്റ്റാഫ് സെക്രട്ടറി എന്നിവരോട് ഏറെ കടപ്പാടുണ്ട്.

പ്രിയ കൂട്ടുകാരെ നാളെയുടെ മുത്തുകൾ രാകിമിനുക്കി മിന്നുന്ന മിന്നുന്ന മുത്തുമണികളാക്കി ആവിഷ്കരിക്കാൻ നിങ്ങളേവരെയും സർവേശ്വരൻ അനുഗ്രഹിക്കട്ടെ

വിനയപൂർവം

എഡിറ്റർ

രാജീവ്. ബി

# ആശംസകൾ

കോവിഡ് മഹാമാരിയുടെ കാലത്ത് സ്കൂളിലെത്താൻ ആവാതെ വീടുകളിൽ അടച്ചിരുന്ന നമ്മുടെ കുരുന്നുകളുടെ തൂലികയിൽ നിന്നും ഉതിർന്ന ജ്വലിക്കുന്ന അക്ഷരങ്ങളാൽ ഉടലെടുത്ത ..................... മാഗസിന് എല്ലാവിധ ആശംസകളും .....

നല്ലൊരു നാളെയെ നമുക്ക് സ്വപ്നം കാണാം

മനുഷ്യരെ വിഭജിക്കാത്ത ഒത്തൊരുമയോടെ കൈകൾകോർത്ത് നടക്കുന്ന ഒരു നാളെ .....എല്ലാവിധ ആശംസകളും

വിനയപൂർവം

**പ്രവീൺ പി**

പി.റ്റി.എ പ്രസിഡന്റ്



# പുതുവർഷ പുലരി

കിഴക്കുണർന്നു ചിരിച്ച്
കിളികളുണർന്നു ചിലച്ച്
പ്രകൃതി ഉണർന്നു
പുതിയൊരു പുലരി
വരവായി........
പുതുവർഷപ്പുലരി
കുളിച്ചൊരുങ്ങി വരൂ
നിറമനസോടെ വരൂ
നന്മയിലുണരാം
പുതുവർഷത്തെ
മനസാൽ വരവേൽക്കാം.

Abhishek. A. M
Std. 5 D



# ലോകസമാധാനം

യുദ്ധം നാടിനു നന്നല്ല ,
യുദ്ധം നാടിനു നന്നല്ല
യുദ്ധം വിതയ്ക്കും ചെയ്തികളെല്ലാം
മനുഷ്യരാശിക്കാപത്ത്
യുദ്ധത്താൽ ധരണിയിൽ
ശിരസ്സറ്റുവീഴുന്നു ,
ഹസ്ത പാദങ്ങൾക്കോ
മുറിവേൽക്കുന്നു,
ദേഹമാസകലം
നിണത്താലൊഴുകുന്നു ,
പോർക്കള മങ്ങനെ രക്തക്കളമാകുന്നു.
നോക്കൂ മർത്യരെ നാം വിതയ്ക്കും
നാശങ്ങൾ നമ്മിൽ തന്നെ ഭവിക്കുന്നു
അതിനാൽ നമ്മൾ അറിഞ്ഞിടേണം
ഇനിയൊരു യുദ്ധം വേണ്ട വേണ്ട
ഇനിയൊരു യുദ്ധം വേണ്ട വേണ്ട.
ലോകസമാധാനം നിലനിർത്താനായി
നമുക്കും ശ്രമിക്കാം കൂട്ടരേ
ലോകസമാധാനം നിലനിർത്താതായാ
നമുക്കും ശ്രമിക്കാം കൂട്ടരെ.

Arjun.S.R, VII D


# സ്നേഹമഴ

വെയിൽ മെല്ലെ മങ്ങിത്തുടങ്ങിയ നേരത്ത്
മഴ മേഘം വാനിൽ ഇരുണ്ടു കൂടി ഇരുളു കണ്ട്
മയിലുകൾ ആഹ്ലാദത്തോടെ പീലി
വിരിച്ചുനിന്ന്നൃത്തമാടി മഴനീർ കണങ്ങൾ
പതിയെ ഈ ധരണിയിൽ വീണുതുടങ്ങി
പതിയെ പതിയെ തൽക്ഷണം കേട്ടൊരു
ഭീകര ശബ്ദം ഇടിയുടെ ആരവമായിരുന്നു
മാരി തൻ തെന്നലിൽ വൃക്ഷത്തിൻ
ശാഖകൾ ആടുന്ന കാണുവാൻ എന്തു
ഭംഗി മഴ പെയ്യും നേരത്ത് തുള്ളി
കളിക്കുവാൻ മോഹം
തോന്നാത്തവരുണ്ടോ പാരിൽ എന്നും നാം
സംരക്ഷിച്ചീടേണംഭൂമിയെ ദോഷം
വരുത്താതെ കാത്തിടേണം അല്ലെങ്കിൽ
അവ നമ്മെ പ്രകൃതിക്ഷോഭത്താൽ
വേദനിപ്പിച്ചിട്ടുണ്ട് എന്നത് സത്യം
സ്നേഹത്തിനു മനമുള്ള മാരി ഇപ്പോൾ
കോപത്താൽ പ്രണയത്തിൻ
ഭീതിയിലാഴ്ത്തി എല്ലാർക്കുമൊന്നിച്ച്
ഒറ്റക്കെട്ടായി പ്രകൃതിയെ കാത്തു
സംരക്ഷിച്ചീടാം മഴയെ
മഹാമാരിയാക്കിടാതെ സ്നേഹത്തിൻ
മഴയായി കാത്തു സൂക്ഷിക്കാം എന്നും
കൊതിയോടെ കളിക്കാനായി കാത്തിരിക്കാം
എന്നും കൊതിയോടെ കളിക്കാനായി
കാത്തിരിക്കാം

Anamika. S. S,5 D.




Drawing



Ararthy L.R, 7C

# കളിക്കൂട്ടുകാർ


ഒന്നാം ക്ലാസുകാരിയായി സ്കൂളിലേക്ക് പോയത് ഇപ്പോഴും ഓർമ്മയുണ്ട്. ആദ്യമായി സ്കൂളിലേക്ക് പോകുന്നതിന്റെ എല്ലാ സന്തോഷങ്ങളും ഉണ്ടായിരുന്നുവെങ്കിലും പരിചയമില്ലാത്ത കൂട്ടുകാരൊക്കെ ആണോ വരുന്നത് എന്ന സങ്കടവും ഉള്ളിൽ ഉണ്ടായിരുന്നു പുതിയ ക്ലാസ്റൂം പുതിയ ടീച്ചർ പുതിയ കൂട്ടുകാർ അങ്ങനെ ഒക്കെ ചിന്തിച്ചു കൊണ്ടാണ് സ്കൂളിന്റെ ഗേറ്റ് കടന്നത്. എന്നാൽ ക്ലാസിലേക്ക് ചെന്നപ്പോൾ അവിടെ പരിചയമുള്ള ഏറെ പ്രിയമുള്ള കുറച്ചു കൂട്ടുകാരെ കണ്ടു. അപ്പോൾ എനിക്ക് ഭയങ്കര സന്തോഷമായി എന്റെ പ്രിയപ്പെട്ട കൂട്ടുകാരോടൊപ്പം പഠനം തുടങ്ങി. നല്ല ടീച്ചർ ആയിരുന്നു. ഒരുപാട് ഇഷ്ടമായി. കളിയും ചിരിയും പഠനവുമായി ദിവസങ്ങൾ കഴിഞ്ഞു പോയി. ഞങ്ങളൊക്കെ കളിക്കുമ്പോൾ ഞങ്ങളോട് ഒന്നും അധികം അടുക്കാതെ ഒരു കുട്ടി ഇരിപ്പുണ്ടായിരുന്നു. അവളോട് പേര് ചോദിച്ചു. അവളുടെ പേര് ഹേമ എന്നായിരുന്നു. കയ്യിലും കഴുത്തിലും ഒന്നും വളയും മാലയും ഉണ്ടായിരുന്നില്ല. അവളോട് ഞാൻ ചോദിച്ചു. എന്താ ഞങ്ങളൊക്കെ വളയും മാലയും ഇട്ടാണല്ലോ ക്ലാസ്സിൽ വരുന്നത്. നീയെന്താ ഇതൊന്നും ഇടാതെ വരുന്നത്. അവൾ ഒന്നും മിണ്ടാതെ തലകുനിച്ചിരുന്നു. ഞങ്ങൾ തിരിച്ച് കളികളിൽ ഏർപ്പെട്ടു. അങ്ങനെ ദിവസങ്ങൾ കടന്നു പോയി. ഞങ്ങളെല്ലാവരും സുഹൃത്തുക്കളായി മുന്നോട്ടു പോയി കൊണ്ടിരുന്നു. ഞങ്ങളുടെ കൂട്ടുകാരിൽ പലരും അവളെ കളിയാക്കുമായിരുന്നു. വിലകൂടിയ ഉടുപ്പുകൾ ഒന്നും അവൾ ധരിച്ച് ഞാൻ കണ്ടിട്ടില്ലായിരുന്നു. അതുകൊണ്ടാവാം കൂട്ടുകാരൊക്കെ അവളെ അകറ്റി നിർത്തിയത്. ചില കുട്ടികൾ അവളെ കളിയാക്കി ചിരിക്കാറുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ ഉരുണ്ടു വീണു. എന്റെ പ്രിയപ്പെട്ട കൂട്ടുകാരായി ഞാൻ കരുതിയവരെല്ലാവരും നിന്ന് ചിരിക്കാൻ തുടങ്ങി. ഹേമ മാത്രം ചിരിക്കാതെ ഓടിവന്നു. അവൾ എന്റെ കയ്യിൽ പിടിച്ച് എഴുന്നേൽപ്പിച്ചു. കാലിന്റെ മുട്ട് മുറിഞ്ഞ എനിക്ക് നല്ല വേദന ഉണ്ടായിരുന്നു. അവൾ എന്നെ ആശ്വസിപ്പിച്ചു. ടീച്ചറിനെ വിളിച്ചുകൊണ്ടുവന്നു. അപ്പോഴും മറ്റുള്ള കൂട്ടുകാർ ചിരിക്കുന്നുണ്ടായിരുന്നു. എനിക്ക് നല്ല സങ്കടം തോന്നി. ഞാൻ വീട്ടിലെത്തി അമ്മയോട് ക്ലാസിലെ കാര്യങ്ങളൊക്കെ പറഞ്ഞു. അപ്പോൾ അമ്മ പറഞ്ഞു. വേഷംകണ്ടിട്ടല്ല നല്ല മനസ്സു കണ്ടിട്ടാണ് കൂട്ടു കൂടേണ്ടത്. അങ്ങനെ ആപത്തിൽ സഹായിക്കുന്നവരാണ് യഥാർത്ഥ കൂട്ടുകാർ എന്ന് എനിക്ക് മനസ്സിലായി.



Aadhinandhana P
3 A



ആകാശ്നായകം 8 ജി



# ഓണപ്പുലരി.

ഓണപ്പൂവിളിയോടെത്ര
ഓടിനടന്നു പൂനുള്ളി
ഓണപ്പുലരി വന്നല്ലോ
ഓണത്തപ്പനെഴുന്നള്ളാൻ
ഓലത്തോരണം തൂക്കാലോ
ഓലപ്പീപ്പി വിളിക്കാലോ
ഓണസദ്യ രുചിക്കാലോ
ഓണപ്പാട്ടുകൾ പാടാലോ
ഓണക്കളികൾ കളിക്കാലോ
ആർത്തുചിരിച്ചു കളിക്കാലോ
ആടിപ്പാടി രസിക്കാലോ

Revathy.R.R
Std : VI -E



Laya B Lopez
6D


# കുഞ്ഞു പൂച്ചയും വലിയ കോഴിക്കുഞ്ഞുങ്ങളും

മ്യാവൂ .... മ്യാവൂ കുഞ്ഞു പൂച്ച വലിയ കോഴിക്കുഞ്ഞുങ്ങളെ ഓടിച്ചു. കോഴിക്കുഞ്ഞുങ്ങൾ പേടിച്ചു വിളിച്ചു കൊണ്ട് കോഴി അമ്മയുടെ അടുത്തെത്തി. കോഴി അമ്മയ്ക്ക് ചിരി വന്നു. ഈ കുഞ്ഞു പൂച്ചയെയാണോ നിങ്ങൾ പേടിക്കുന്നത്. നിങ്ങൾ ധൈര്യമായി നിന്നാൽ മതി അവൻ ഓടിക്കോളും കോഴിയമ്മ പറഞ്ഞു. കോഴിക്കുഞ്ഞുങ്ങൾ പേടിതൊണ്ടന്മാർ ആയിരുന്നു. അവർ കോഴിയമ്മയുടെ ചിറകിൻ കീഴിൽ കയറാൻ തുടങ്ങി പെട്ടെന്ന് കോഴിയമ്മയ്ക്ക് ദേഷ്യം വന്നു. കുഞ്ഞുങ്ങളെ കൊത്തി ഓടിച്ചിട്ട് കോഴിയമ്മ മാറിക്കിടന്നു. മ്യാവൂ ... മ്യാവൂ കുഞ്ഞു പൂച്ച ഓടി അടുത്തു. എങ്ങോട്ട് ഓടണമെന്നറിയാതെ കോഴിക്കുഞ്ഞുങ്ങൾ അവിടെത്തന്നെ നിന്നു . കോഴിക്കുഞ്ഞുങ്ങൾ ഓടില്ലെന്നു കണ്ടപ്പോൾ കുഞ്ഞു പൂച്ച ഓട്ടം നിർത്തി. കോഴിക്കുഞ്ഞുങ്ങളെ സൂക്ഷിച്ചു നോക്കി. അവന് ചെറിയ പേടി തോന്നി. അതു കണ്ടപ്പോൾ കോഴിക്കുഞ്ഞുങ്ങൾക്ക് ധൈര്യം കിട്ടി. എല്ലാവരും കൂടെ ആർത്തു വിളിച്ചു കൊണ്ട് കുഞ്ഞു പൂച്ചയുടെ നേരെ ഓടി അടുത്തു. മ്യാവൂ ... മ്യാവൂ കുഞ്ഞു പൂച്ച പേടിച്ചു വിരണ്ടു പോയി. അവൻ പിന്നെ അവിടെ തിരിഞ്ഞു നിന്നില്ല. കോഴി ക്കുഞ്ഞുങ്ങൾ അമ്മയുടെ അടുത്തു വന്നു. പൂച്ചയെ ഓടിച്ച വിവരം അമ്മയോട് പറഞ്ഞു. നന്നായി ... ചുണക്കുട്ടികൾ കുട്ടികൾ ആയാൽ ഇങ്ങനെ ആവണം. എല്ലാത്തിനും അമ്മെ അമ്മെ എന്നു പറഞ്ഞു നടക്കുന്ന പതിവ് നിർത്തണം കോഴിയമ്മ പറഞ്ഞു. 'ഇനി ഞങ്ങൾ അമ്മയെ ശല്യപ്പെടുത്തില്ല. കുഞ്ഞുങ്ങൾ പറഞ്ഞു. അന്നുമുതൽ അവർ തനിയെ ജീവിക്കുവാൻ തുടങ്ങി.

Aparna Vinod
Std: 3A








Avani
Std:6D

# സ്നേഹം

സ്നേഹപാതിരി വിടരും
പൂവിൽ സ്നേഹത്താൽ ഉണരും മനുഷ്യർ വിരിയുന്നുണ്ട്
പൂക്കൾ  സ്നേഹത്തിന്റെ പൂക്കൾ സ്നേഹത്തിന്റെ കലപില
ശബ്ദം  സ്നേഹത്തിന്റെ പച്ചയിൽ
വിരിയുന്ന പൂക്കൾ കാലങ്ങൾതോറും മനുഷ്യരുടെ മുഖത്ത്
പൂത്തിരി തൂകും സ്നേഹത്തിന്റെ പാതിര
കാട്ടുപൂവിൻ ചില്ലകില്ലപ്പുറം സ്നേഹത്തിന്റെ ഒഴുക്ക് സൂര്യന്റെ
കിരണം കണ്ടാൽ തോറ്റുപോവില്ല
നമ്മുടെ സ്നേഹം സ്നേഹപാതിരി വിടരും പൂവിൽ
സ്നേഹത്താൽ
ഉണരും മനുഷ്യർ



Sreelakshmi.A.B
S.t.d 6E



Anwin.S. Paul, 5A

# ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ വേർഷൻ 5.25



മൂൺ ഷോട്ട് എന്റർടൈൻമെന്റ് ബാനറിൽ ശ്രീ. സന്തോഷ് ടി കുരുവിള നിർമ്മിച്ച് ശ്രീ. രതീഷ് ബാലകൃഷ്ണൻ പൊതുവാൾ സംവിധാനം ചെയ്ത ചിന്തോദ്ദീപകമായ ഒരു മലയാളം സിനിമയാണ് ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ വേർഷൻ 5.25.

ഒരു വൃദ്ധന്റെ വേഷത്തിൽ എത്തുന്ന, മലയാളത്തിന്റെ അഭിമാനവും, ഈ വർഷത്തെ മികച്ച നടനുള്ള സംസ്ഥാന അവാർഡ് ജേതാവും ആയ ശ്രീ. സുരാജ് വെഞ്ഞാറമൂട് എന്ന നടന്റെ മേക്കപ്പ് ആർട്ടിസ്റ്റ്
ശ്രീ. റോണക്സ് സേവ്യർ ആണ്. റഷ്യയിലും, പയ്യന്നൂരിലും ആയി ഷൂട്ടിംഗ് പൂർത്തീകരിച്ച ഈ സിനിമ യുടെ ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത് പ്രശസ്ത ഛായാ ഗ്രാഹകൻ ശ്രീ. സാനുജോൺ വർഗീസ് ആണ്. എഡിറ്റിംഗ് ശ്രീ. സ!!ൈ!!ജു ശ്രീധരനും, സംഗീതം ശ്രീ. ബിജിബാലുമാണ്
നിർവഹിച്ചിട്ടുള്ളത്. ശ്രീ. ഹരിനാരായണനും, ശ്രീ ഹരിയും ആണ് ഗാനരചന നിർവഹിച്ചിരിക്കുന്നത്.

പ്രധാന കഥാപാത്രങ്ങൾ: വാർദ്ധക്യപിതാവ് ഭാസ്കര പൊതുവാൾ (സുരാജ്), മകൻ സുബ്രഹ്മണ്യം (സൗബിൻ), മകന്റെ ഭാര്യ റഷ്യാക്കാരി ഹിറ്റോമി (കെന്റി സിർദോ), കുഞ്ഞപ്പൻ (ആൻഡ്രോയ്ഡ് റോബോട്ട്), അവരുടെ ബന്ധു പ്രസന്നൻ (സ!!ൈ!!ജു കുറുപ്പ്) തുടങ്ങിയവർ ആണ്.

സിനിമയിലെ പ്രമേയം ആനുകാലിക പ്രസക്തി യുള്ളതും, അർഥവത്തും, ആണ്.
മകൻ സുബ്രഹ്മണ്യം ജോലിക്ക് വേണ്ടി റഷ്യയിൽ പോകുന്നു. തന്റെ അച്ഛനെ സഹായിക്കാൻ ഒരു റോബോട്ടിനെ ഏൽപ്പിച്ചു.
ഭാസ്കര പൊതുവാൾ ആദ്യം കുഞ്ഞപ്പനെ അംഗീകരിച്ചില്ല. പിന്നീട് അവർ നല്ല അടുത്ത ചങ്ങാതിമാരായി. 'താൻ വെറും ഒരു മെഷീൻ ആണെന്നും, വികാര വിചാരങ്ങൾ ഒന്നും ഇല്ല ' എന്നും കുഞ്ഞപ്പൻ ഭാസ്കരനെ ഓർമ്മപ്പെടുത്താറുണ്ട്. അവസാന ഭാഗത്തു, മകന്റെ സ്വന്തം ഹൃദയത്തിൽ നിന്ന് പ്രവഹിക്കുന്ന സ്നേഹം അച്ഛന് പകരാൻ മകന് മാത്രമേ കഴിയൂ എന്ന് സുബ്രഹ്മണ്യത്തിനു തിരിച്ചറിയാൻ കഴിയുന്നു.

വളരെ ശക്തമായൊരു സന്ദേശം കാണികളിൽ എത്തിക്കാൻ ഈ സിനിമക്ക് കഴിഞ്ഞിട്ടുണ്ട്. ശ്രീ. സുരാജ് വെഞ്ഞാറമൂട് തന്റെ റോൾ ഗംഭീരമായി അഭിനയിച്ചിട്ടുണ്ട്. അതുപോലെ ശ്രീ. സൗബിനും മികച്ച നിലവാരം അഭിനയത്തിൽ പാലിക്കുന്നു. ചെറുതും, വലുതും ആയ നിരവധി മേഖലകൾ കോർത്തിണക്കി സമന്വയിപ്പിക്കുമ്പോൾ മാത്രമാണ് സ്ക്രീനിൽ തെളിയത്തക്ക വിധം ഒരു സിനിമ പൂർത്തിയാകുന്നത്.
പ്രധാന കഥാപാത്രങ്ങൾക്കൊപ്പം ശ്രീമതി. മാലാപാർവതി, മേഘ മാത്യു, ശ്രീ. ശിവ ദാസ് തുടങ്ങിയവരും നന്നായി അഭിനയിച്ചിട്ടുണ്ട്. കൂടാതെ പ്രൊഡക്ഷൻ ഡിസ!!ൈ!!നർ ശ്രീ. ജ്യോതിഷ് ശങ്കർ, കോസ്റ്റ്യൂം ഡിസ!!ൈ!!നർ ശ്രീ. ജാക്കി, ഗായകർ തുടങ്ങി നിരവധി അണിയറ പ്രവർത്തകർ ഈ സിനിമയുടെ വിജയത്തിനു പിന്നിൽ ഉണ്ട്.

വാർദ്ധക്യ മാതാ പിതാക്കൾ പുതിയ തലമുറക്ക് ഭാരമായി തോന്നിതുടങ്ങിയ ഈ കാലഘട്ടത്തിൽ ജോലി, സ്വന്തം കുടുംബം എന്ന സ്വാർത്ഥ ചിന്ത, സമയ കുറവ്, തുടങ്ങിയ നിരവധി ഒഴികഴിവുകളെക്കാൾ എത്രയോ ശ്രേഷ്ഠമാണ് 'പിതൃ സ്നേഹം ' എന്ന വസ്തുത സമൂഹത്തിനു മുന്നിൽ തുറന്നു കാട്ടാൻ ഈ സിനിമക്ക് പൂർണമായും കഴിഞ്ഞിട്ടുണ്ട്.
ഇത്തരം സാമൂഹിക പ്രാധാന്യം ഉള്ള കുടുംബ ചിത്രങ്ങൾ മലയാളം ഭാഷയിൽ ഇനിയും ധാരാളം സൃഷ്ടിക്കപ്പെടട്ടെ...

അലീനാ ബ്രൈറ്റ്, 10 എ



SIDHARTH.B.L, V.D

Poetry

# അതിശയ പ്രകൃതി

പ്രകൃതിയെന്നുമൊരു അത്ഭുത സിദ്ധാന്തമാണ്.
പൂക്കളും പുഴകളും വൃക്ഷലതാദികളും
കാറ്റൊന്നു തൊട്ടാൽ തലകുലുക്കിച്ചിരിക്കും..

പക്ഷിയും തുമ്പിയും പൂമ്പാറ്റയും
പ്രകൃതിയെ തരളിതയാക്കുന്നു

വയലിലെ കതിരുകൾ ആടിയുലയുന്നുണ്ടേ....
അതുഭുജിക്കാനായ് പക്ഷികളുമുണ്ടേ....

പുഴകളിലെ സുന്ദര മത്സ്യങ്ങൾ
പ്രകൃതിക്കൊപ്പം കളിക്കുന്നുണ്ടേ.....

ഭൂമിയും അംബരവും
പ്രകൃതിയാൽ വിശുദ്ധമാണ്...!

തളിരിലകളെ കാറ്റ് തലോടുമ്പോൾ
അവ പുളകം കൊള്ളുന്നു..


പ്രഭാതത്തിൽ പൂമൊട്ടുകൾ
പുതപ്പിൽ നിന്നെത്തി നോക്കും....

മർത്യരെല്ലാം പ്രകൃതിയെ ആശ്രയിക്കുന്നുണ്ടേ...

പ്രകൃതി എന്ന മാതാവിന് വന്ദനം....
വന്ദനം....

Nandhana T A.9F





Devu B Nice, 5 D

## ബ്രഹ്മകമലം


വൃഷ്ടി തൻ നീർക്കണം
എൻ ആരാമത്തിൽ വീണുടയുമ്പോൾ
രജനി തൻ തമസ്സിൽ
ബ്രഹ്മകമലം തൻ വാസനയാൽ
നിറഞ്ഞതാണെൻ ആരാമം

ശുഭ്രമാം നിൻമേനി
മാരുതൻ തഴുകിടുമ്പോൾ
എൻ മനം കുളിരുന്നു
കുസുമങ്ങളിൽ റാണിയായി വാണിടും
നിൻ സൃഷ്ടി കണ്ട് മധുപൻ വന്നണഞ്ഞിടുമ്പോൾ
നിൻ ആനനം നാണത്താൽ മൂടിടുന്നു

പുലരിയിൽ നിൻ മേനി
തുഷാരത്താൽ തിളങ്ങിടുമ്പോൾ
നിൻ അഴക് കാണുവാൻ
കഴിഞ്ഞിടാതെ ഞാനാരാമത്തിൽ
ശോകത്താൽ എന്നാനനം നിറയുന്നു

അനിഷ.വി


Drawing



Abhijin. S.S, 5D


# മീനുകളും മീൻപിടുത്തക്കാരനും

പണ്ട് പണ്ട് ഒരു മീൻ ഉണ്ടായിരുന്നു. അവന്റെ പേര് മിട്ടു എന്നായിരുന്നു. മിട്ടു തന്റെ കൂട്ടുകാരുമായി കളിക്കുകയായിരുന്നു. അപ്പോൾ ഒരു മീൻപിടുത്തക്കാരൻ ആ വഴി വന്നു. അയാളുടെ കൈയിൽ ഒരു വലയുണ്ടായിരുന്നു .അയാൾ വലവിരിച്ചു. മിട്ടുവും കൂട്ടുകാരും വലയിൽ കുടുങ്ങി. അവർ എങ്ങനെ രക്ഷപ്പെടാമെന്ന് ആലോചന തുടങ്ങി. മിട്ടുവിന് ഒരു ബുദ്ധി തോന്നി മിട്ടു പറഞ്ഞു വല വലിച്ചു കയറ്റുമ്പോൾ നമുക്ക് ചത്തതുപോലെ കിടക്കാം. കൂട്ടുകാർ സമ്മതിച്ചു. അവർ അങ്ങനെ ചത്തതുപോലെ കിടന്നു. മീൻപിടുത്തക്കാരൻ വല വലിച്ചു കയറ്റിയപ്പോൾ മീനുകൾ ചത്തു കിടക്കുന്നതാണ് കണ്ടത്. അയാൾ ചത്തു കിടന്ന മീനുകളെ കുളത്തിലേക്ക് എറിഞ്ഞു. മീനുകൾ അങ്ങനെ മീൻപിടുത്തക്കാരനിൽ നിന്ന് രക്ഷപ്പെട്ടു.




ഋഷികേശ് ആദിത്യ പെരുമാൾ നാടാർ
3 A

rawing



നയന 9, എഫ്



Anisha. V.
Std: 5 D

# മഴവില്ല്

ഞാനൊരു പാവം മഴവില്ല്
മാനത്തുണ്ടൊരു മഴവില്ല്
ഏഴു നിറങ്ങളു ള്ള മഴവില്ല്
കാണാൻ നല്ലൊരു മഴവില്ല്
എന്നും കാണാൻ കഴിയില്ല
എന്നടുത്തെത്താൻ കഴിയില്ല
എന്നെത്ത ലോടാൻ കഴിയില്ല
ഞാനൊരു  പാവം മഴവില്ല്
മാനത്തുണ്ടൊരു മഴവില്ല്

വൈഗ  എ അഭിലാഷ്
5 D

# Life story of Mahatma Gandhi



Mohandas karamchand Gandhi was born on 2nd October 1869 in rbandar, India. He is also known as father of the Nation. He was the most spected spiritual and political leader. His father was Karamchand Gandhi, he as the dewan of Porbandar. His mother was Putlibai. At the age of 13 Mohandas aramchand Gandhi was married to Kasthurba (at her 14th age). Gandhi also opular as Bapu introduced non- violence to the world which resulted in the United ations General Assembly to observe his birthday as the International day of on - violence. Many countries observe 30th January as' Day of Non - Violence' nd 'Peace'. India is popular across the world for introducing Non - Violence to cheive the objectives. Gandhi always belives that the education is the most owerful wepon in this world for the new generation to acheive better fundamental ghts. Subash Chandra Bose called Gandhi as Father of the nation. After that arojini Naidu also refferd to the same title in 1947 conference. Mahathma Gandhi eturned to India in 1915 from South Africa. After that he was very popular as a eading Indian Nationalist. In 1920 Gandhi became a member of the Indian lational Congress. As a part of the Independence struggle, Gandhi launched heda Satyagraha, Champaran Satyagraha, Salt Sathyagraha, Quit India ovement, etc,.... This movements helps to Indian Freedom. Friday is mostly ssociated with Gandi' s life. India got Independence on Friday. However, Bapu vas born and assossinated on a friday. He died on January 30 th 1948 at Delhi.

DHIYA P PANICKER, 7C



# എന്റെ അമ്മ



ത്യാഗത്തിന് പുണ്യ
മാണെന്റെയമ്മ!
എന്നിൽ നിറയുന്ന
സ്നേഹമാണമ്മ!
ഞാൻ കണ്ടയാദ്യ
ഗുരുവാണമ്മ!
അറിവിന്റെ തങ്ക
ക്കിരണമമ്മ!
എന്റെ മനസ്സിലെ
വേദമാണമ്മ!
വേദത്തിൽ കാണും
ദൈവമാണമ്മ!
അമ്മയെനിക്കൊരു
കോവിലാണ്

Anagha. S. A
5E



# സ്നേഹം കൊണ്ട് ജയിച്ചു

ഒരു മരക്കൊമ്പിൽ ഒരു അമ്മക്കിളി താമസിച്ചിരുന്നു. ഒരു ദിവസം അമ്മക്കിളി 5 മുട്ടകൾ ... ദിവസങ്ങളോളം അടയിരുന്നു മുട്ടകൾ വിരിയിച്ചു. 5 മനോഹരമായ കുഞ്ഞുങ്ങൾ ... വളരെ സന്തോഷത്തോടുകൂടി അവരെ വളർത്തി. ഒരു ദിവസം അമ്മക്കിളി തീറ്റതേടി ... തിരികെ എത്തിയപ്പോൾ തന്റെ കുഞ്ഞുങ്ങളെ ഒന്നുംകൂടി കണ്ടില്ല. പരിഭ്രാന്തിയോടെ അമ്മക്കിളി ചുറ്റും നോക്കി. എങ്ങും കുഞ്ഞുങ്ങളെ കണ്ടില്ല. അപ്പോഴാണ് മരക്കൊമ്പിൽ ചുറ്റി ... പാമ്പിനെ കണ്ടത്. അമ്മയ്ക്ക് കാര്യം മനസ്സിലായി. തന്റെ കുഞ്ഞുങ്ങളെ പാമ്പാണ് ... മനസ്സിലാക്കിയ അമ്മക്കിളിയ്ക്ക് സങ്കടമായി. അമ്മക്കിളി കരഞ്ഞുകൊണ്ട് പാമ്പിനോട് ... എന്തിനാണ് എന്റെ പ്രാണനായ കുഞ്ഞുങ്ങളെ കഴിച്ചത്. ഞാൻ എത്രമാത്രം ... ഹിച്ചാണ് അവരെ വളർത്തിയത്. അപ്പോൾ പാമ്പ് പറഞ്ഞു എന്തൊരു ... നിന്റെ കുഞ്ഞുങ്ങളെ കഴിക്കാൻ. നീ ഇവിടെ നിന്നും വിലപിച്ചാൽ ഞാൻ ... അകത്താക്കും. സങ്കടത്തോടെ അമ്മക്കിളി പറന്നു പോയി. ദിവസങ്ങൾ ... അമ്മക്കിളി പിന്നെയും മുട്ടയിട്ടു. മുട്ട വിരിക്കാനായി അടയിരിക്കുന്നു. ഒരു ദിവസം ... പോയി തിരികെയെത്തിയ അമ്മക്കിളി തന്റെ മുട്ടകൾ ഒന്നും കണ്ടില്ല. വിഷമം കൊണ്ട് ... കൊമ്പിലേക്ക് നോക്കി. അപ്പോൾ എന്നെ എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്ന മട്ടിൽ ... നോക്കി കൊണ്ടിരിക്കുന്നു. കുറച്ചു നാളുകൾക്ക് ശേഷം അമ്മക്കിളി ഒരു ശബ്ദം കേട്ട് കൂടിനു ... നോക്ക് നോക്കി. കണ്ട കാഴ്ച അവളെ ഞെട്ടിച്ചു. ഒരു വേട്ടക്കാരൻ വലിയൊരു വടി ഉപയോഗിച്ച് ... കുഞ്ഞുങ്ങളെ അടിച്ചു കൊല്ലുവാൻ നോക്കുന്നു. അമ്മക്കിളി പെട്ടെന്ന് ചെന്ന് നഖമുള്ള ... കൊണ്ട് വേടന്റെ തലയിൽ വലിക്കാൻ ശ്രമിച്ചു. എങ്കിലും വേടൻ പിന്തിരിഞ്ഞില്ല. പെട്ടെന്ന് അമ്മക്കിളി ഒരു ശബ്ദം ഉണ്ടാക്കി. ഉടനെ തന്നെ പല ദിക്കിൽനിന്നും പക്ഷികൾ പറന്നെത്തി. വേടനെ ... കൊത്തുവാൻ തുടങ്ങി. പെട്ടെന്ന് തന്നെ വേടൻ തിരിഞ്ഞ് ഓടാൻ തുടങ്ങി. പക്ഷികൾ ... വേടനെ കൊത്തിക്കൊണ്ടിരുന്നു. അമ്മക്കിളിയുടെ മുഖത്തുനോക്കാൻ കഴിയാതെ ... തല താഴ്ത്തി ഇരുന്നു പിന്നെ അമ്മക്കിളിയെ നോക്കി പറഞ്ഞു. എന്നോട് നീ ക്ഷമിക്കണം ഞാൻ എത്രമാത്രം നിന്നെ ദ്രോഹിച്ചു. എന്നിട്ടും നീ അതൊക്കെ മറന്ന് എന്നെയും കുഞ്ഞുങ്ങളെയും രക്ഷിച്ചു ഞാൻ എങ്ങനെയാണ് നിന്നോട് നന്ദി പറയുക. നീ എന്നോട് നന്ദി ഒന്നും പറയണ്ട കുഞ്ഞുങ്ങൾ നഷ്ടപ്പെടുന്ന ഒരു അമ്മയുടെ വേദന എനിക്ക് നന്നായിട്ടറിയാം നീ പേടിക്കണ്ട. നിന്നെയും കുഞ്ഞുങ്ങളെയും ഇനി ഉപദ്രവിക്കാൻ വേടൻ വരില്ല. എന്നാൽ നമുക്ക് ഒരുമിച്ച് ജീവിക്കാം. നാം അറിഞ്ഞുകൊണ്ട് ആരെയും വേദനിപ്പിക്കരുത്. സ്നേഹത്തോടെ സന്തോഷത്തോടെ ജീവിക്കണം....

അനാമിക.എസ്.എസ്
5D




Rojin. S. S,  5 D


# മത്സ്യകന്യകയും ശത്രുവായ പൂച്ചയും

ഒരിടത്ത് ഒരു കടലിലെ മത്സ്യലോകത്ത് ഒരു മത്സ്യകന്യകയും അവൾക്ക് ഒരു അമ്മയും ഉണ്ടായിരുന്നു.അവർ സന്തോഷത്തോടെ കഴിഞ്ഞു.അങ്ങനെ ഒരു ദിവസം മത്സ്യകന്യക നീന്തി നീന്തി കടലിനു മുകളിൽ എത്തി.അവിടെ കരയിൽ അവൾ ഒരു പൂച്ചയെ കണ്ട്.ആ പൂച്ച അവളുടെ അടുത്ത് വരാൻ ശ്രമിക്കുന്നതു പോലെ തോന്നി.അവൾ ഉടൻ തന്നെ തിരിച്ച് മത്സ്യലോകത്തേക്ക് പോയി.അവൾ ഉടൻ തന്നെ അമ്മയോട് കരയിൽ കണ്ടകാര്യങ്ങൾ പറഞ്ഞു.അപ്പോൾ അമ്മ പറഞ്ഞു നീ ഇനി തീരത്ത് പോകരുത്.അവൾ ചോദിച്ചു എന്തുകൊണ്ട്.അത് ഒരു കഥയാണ്.

പണ്ട് ഒരു ക്രൂരനായ രാക്ഷസൻ ഉണ്ടായിരുന്നു അവന് സേവകനായി ഒരു പൂച്ചയും ഉണ്ടായിരുന്നു . അങ്ങനെയിരിക്കെ നിന്റെ അച്ഛനെ രാക്ഷസൻ കടലിൽ വച്ച് കാണുവാൻ ഇടയായി. രാക്ഷസൻ നിന്റെ അച്ഛന്റെ അടുത്തു വന്നു. എന്നാൽ നിന്റെ അച്ഛന്റെ വാക്കുകൾ കേട്ട് ആ രാക്ഷസൻ ക്രൂരതകൾ വെടിഞ്ഞ് സ്നേഹമുള്ളവനായി. ഇത് സേവകനായ പൂച്ചയ്ക്ക് സഹിച്ചില്ല . അങ്ങനെ പൂച്ച കടലിലേക്ക് ചാടി ജീവനൊടുക്കി. ഇത് പൂച്ചയുടെ മകന് സഹിച്ചില്ല. അവൻ നിന്റെ അച്ഛനെ കൊല്ലാനുള്ള തന്ത്രങ്ങൾ തയാറാക്കി.അങ്ങനെ ഒരു ദിവസം നിന്റെ അച്ഛന് കരയിൽ താമസിക്കാൻ കഴിയുന്ന വരദാനം മത്സ്യദേവന്റെ കയ്യിൽ നിന്നും ലഭിച്ചു . ആ ശക്തിയിൽ പൂച്ചയെ കൊല്ലാൻ പോയി.എന്നാൽ കുറെ മത്സ്യത്തൊഴിലാളികൾ നിന്റെ അച്ഛനെ പിടിച്ചു കൊണ്ട് പോയി. എന്നിട്ടും പൂച്ചയുടെ ശത്രുത മാറിയില്ല നിന്നെയും എന്നെയും കൊല്ലാൻ ആയിരുന്നു അടുത്ത നീക്കം. ആ പൂച്ചയെ ആണ് നീ ഇന്ന് കണ്ടത് പിറ്റേ ദിവസം മത്സ്യകന്യക മത്സ്യദേവന്റെ അടുത്തു ചെന്ന് തന്റെ അച്ഛന് കൊടുത്ത വരം എനിക്കും നൽകണം എന്ന് പറഞ്ഞു. ഇത് കേട്ട മത്സ്യദേവൻ മത്സ്യകന്യകയ്ക്കും വരം നൽകി.അവൾ വളരെ ശക്തശാലിയായി കരയിൽ എത്തി അവളുടെ ശക്തി അറിയാതെ പൂച്ച അവളെ കൊല്ലാൻ പുറകെ ഓടി . കരയിൽ എത്തിയ മത്സ്യകന്യക പൂച്ചയെ കൊല്ലാനായി കടലിലേക്ക് തിരിച്ചു ഓടി. പൂച്ച കടലാണെന്ന് മനസ്സിലാക്കാതെ മത്സ്യകന്യകയെ ലക്ഷ്യം വെച്ച് കടലിലേക്ക് എടുത്തു ചാടി. പ്രതികാര ദാഹിയായ പൂച്ച ലക്ഷ്യം പൂർത്തിയാക്കാതെ മരണത്തിന് കീഴടങ്ങി.



Anand M D, 6E



Drawing




Mythili, 5C



# കുഞ്ഞിക്കുരുവി

നേരം പുലരും നേരത്ത്
ഞാനിറങ്ങി മുറ്റത്ത്
ഒരു കുഞ്ഞിക്കുരുവി മുറ്റത്ത്
പാടിപ്പാടിയിരിക്കുന്നു.
പഴവും പാലും കൊടുത്തപ്പോൾ
കുഞ്ഞിക്കുരുവി തിന്നല്ലോ
പഞ്ഞിമെത്ത കൊടുത്തപ്പോൾ
കുഞ്ഞിക്കുരുവി കിടന്നല്ലോ.
വന്നല്ലോ മഴയും കാറ്റു പറയാതെ
പാവം കുഞ്ഞിക്കുരുവി.....
പറന്നു പോയി പറയാതെ.
കുഞ്ഞിക്കുരുവി നിന്നെക്കാത്ത്
ഞാനിവിടെ ഉണ്ടല്ലോ.
വേഗം പാറി
തിരികെ വരൂ...തിരികെ വരൂ.

Angel.A.L., 3B





DHEERAJ K S, 7C




Arathy. L.R, 7C






വിസ്മയ, 10 ഇ





Nivedh. K. V., 5 D



Dhananjay .S, 6D.

# The Friendship





Once upon a time a dog lived in a big forest.One day that dog was walking in the forest.Suddenly he heard a sound Bae.....Bae.... The dog followed that sound .He saw two wolves attacking a poor sheep.The dog jumped in to the wolves and attack them.He said the sheep "Escape.... Escape....".The dog fought with the wolves and finally the dog won the fight.After that the sheep and the dog became good friends."Friends for ever".

Prthvi. S 3B




Sachin,8E

Article

# [illegible] ആരാച്ചാർ*

...യും മികച്ച സ്ത്രീകഥാപാത്രങ്ങളിൽ ഒന്നായ ചേതന ഗൃദ്ധ മാലികിനെ സൃഷ്ടിച്ച കെ.ആർ ...ടെ ആരാച്ചാർ എന്ന പുസ്തകത്തിന്റെ വായനാനുഭവമാണ് ഞാൻ ഇവിടെ പങ്കുവെയ്ക്കാൻ ...ഗ്രഹിക്കുന്നത് . 1970 ൽ 2 കൊല്ലം ജില്ലയിലാണ് കെ. ആർ മീര ജനിച്ചത്. മീരസേതു, ...യമാലയ,സൂര്യനെ അണിഞ്ഞ സ്ത്രീ, ഘാതകൻ എന്നിവയാണ് പ്രധാന കൃതികൾ . 2013ലെ കേരള ...ഹിത്യ അവാർഡ്, കേന്ദ്രസാഹിത്യ അവാർഡ് 2014ലെ വയലാർ അവാർഡ് . എന്നിങ്ങനെ ഒത്തിരി ...അവാർഡുകൾ വാരിക്കൂട്ടിയ നോവലാണ് ആരാച്ചാർ.

...ഇരുപത്തിരണ്ടു വയസുകാരിയായ ചേതന ഗൃദ്ധമാലിക്കാ ണ് ഇതിലെ കേന്ദ്രകഥാപാത്രം. നൂറ്റാണ്ടുകളായി ആരാച്ചാർ ജോലി കുലത്തൊഴിലായി കൊണ്ടുനടക്കുന്ന മല്ലികുമാരിയുടെ കഥയാണ് ആരാച്ചാർ . ...ചേതനയുടെ അച്ഛൻ ഫണിഭൂഷൻ, ഗൃദ്ധമല്ലിക, മുത്തശ്ശി, കൈകാലുകൾ മുറിക്കപ്പെട്ട സഹോദരൻ ...മാധ്യമപ്രവർത്തകൻ സജ്ഞീവ് മിത്ര,കൊലക്കയർ കാത്ത് കിടക്കുന്ന യതീന്ദ്രബാനർജി എന്നിവരാണ്
ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ. ഉല്പലവർണ്ണ, ത്രയ്ലോക്യദേവി, ചിൻമയിദേവി, അന്നപൂർണ തുടങ്ങി നിരവധി ഉപകഥാപാത്രങ്ങളും ഈ നോവലിനെ കൂടുതൽ ഭംഗിയാകുന്നു.

യതീന്ദ്രനാഥ് ബാനർജിയുടെ കൊലപാതകം നിർത്തിച്ചു എന്ന വാർത്തയോടുകൂടിയാണ് ഈ നോവൽ ആരംഭിക്കിന്നത്. പരമ്പര്യമായി തൂക്കി ക്കൊലപാതകങ്ങൾ നടത്തുന്ന ഗൃദ്ധമാലിക്, യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കി ക്കൊലപാതകം നടത്തണമെങ്കിൽ തന്റെ മകൾക്ക് ഒരു സർക്കാർ ജോലി നൽകണമെന്ന ആവശ്യം ഉന്നയിക്കുമ്പോൾ സി എൻ.സിചാനൽ റിപ്പോർട്ടറായ സഞ്ജീവ് മിത്ര അദ്ദേഹത്തിന്റെ മകൾക്ക് ആരാച്ചാർ ജോലി മാത്രമേ നൽകാൻ സാധിക്കൂ എന്ന് പറയുകയും തന്റെ മകളായ ചേദന ആ ജോലി സ്വീകരിക്കുമോയെന്ന ചോദ്യത്തോടെയാണ് ഈ നോവൽ മറ്റൊരു തലത്തിലേക്ക് മാറുന്നത്.
സഞ്ജീവ്മിത്രയും ചേതനയും തമ്മിലുള്ള പ്രണയത്തെക്കുറിച്ചു അതിമനോഹരമായി
ഇതിൽ കഥാകാരി വിവരിക്കുന്നുണ്ട്. ഈ നോവലിന്റെ ഈ മധ്യഭാഗത്തേക്ക് കടന്ന് ചെല്ലുമ്പോൾ സഞ്ജീവ് മിത്രയോട് പ്രണയം തോന്നുന്ന ചേതനയെ നമുക്ക് കാണാൻ കഴിയും. പുരുഷന്റെ സ്നേഹവും സ്ത്രീയുടെ സ്നേഹവും രണ്ടും രണ്ടാണെന്നും ഇത്രയും കാലത്തിന്റെ അനുഭവത്തിൽ നിന്നു പറയാം. ഭൂമിയിൽ മരണത്തേക്കാൾ അനിശ്ചിതത്വം പ്രണയത്തിന് മാത്രമേയുള്ളൂ 'എന്നാണ് എഴുത്തുകാരി പ്രണയത്തെ നിർവചിച്ചത്.
ഒരു ഘട്ടത്തിൽ ചേതന സഞ്ജീവ് മിത്രയുടെ കപട സ്നേഹം തിരിച്ചറിയുന്നുണ്ട്. ആദി പകുതിയിൽ സഞ്ജീവ് മിത്രയുടെ മുന്നിൽ നിസ്സഹായയായ ചേതനയെയും അവസാന ഭാഗത്ത് ധൈര്യശാലിയായ ചേതനയെയും കാണാൻ കഴിയുന്നുണ്ട്.

കൊൽക്കത്ത എന്ന വൻനഗരത്തെ കുറിച്ചും അവിടെ അരങ്ങേറിയ സ്വാതന്ത്ര്യ സമര മുന്നേറ്റങ്ങളെ കുറിച്ചും ഭംഗിയായി എഴുത്തുകാരി വിശദീകരിക്കുന്നുണ്ട് . ആരാച്ചാർ ആയ ഫണിഭൂഷൺ ഗൃദ്ധമലിക് ഒരു കൊലപാതക കേസിൽ അകപ്പെടുകയും ആരാച്ചാർ ജോലി നഷ്ടപ്പെടുകയും ചെയ്യുമ്പോൾ മകളായ ചേതനയാണ് യാദൃച്ഛികമായി യതീന്ദ്രനാഥ് ബാനർജിയെ തൂക്കികൊല്ലാൻ നിയോഗിക്കപ്പെടുന്നത്. ഒരാളെ തൂക്കിക്കൊല്ലണമെങ്കിൽ അയാളുടെ ഭാരം,കുരുക്കിടുന്നവിധം,എന്നിവ കൃത്യമായി അറിഞ്ഞിരിക്കണമെന്ന് ഈ നോവലിൽ കൃത്യമായി വിവരിക്കുന്നുണ്ട്.

# മുത്തുമണികൾ

മരണത്തിന്റെ തൊട്ടുമുമ്പിൽ  നിൽകുമ്പോൽപോലും തന്നെ തൂക്കിക്കോലാൻ വരുന്ന ആരാച്ചാരോട് പ്രണയം തോന്നുന്ന യതീന്ദ്രനാഥിനെയാണ് ഈ നോവലിന്റെ അവസാന ഭാഗത്ത് കാണാൻ കഴിന്നത്. തന്റെ അനുജനെ വിവാഹം കഴിക്കാനും അന്ത്യാഭിലക്ഷമായി തനിക്കൊരു കഥ പറഞ്ഞ് തരണമെന്നും ചേതനയോട് യതീന്ദ്രനാഥ് ആവശ്യപ്പെടുന്ന ഭാഗമാണ് ഏറ്റവുമധികം വായനക്കാരെ സ്പർശിക്കുന്നത്. ഒരുപാട് മാനസിക സംഘർഷങ്ങൾക്കൊടുവിൽ ചേതന ഒരു മടിയും കൂടാതെ പിഴവുകൾ സംഭവിക്കാതെ തൂക്കികൊല്ലുകയും അങ്ങനെ ചരിത്രത്തിലാദ്യമായി ഒരു വനിത ആരാച്ചാർ ആവുകയും ചെയ്യുന്നതാണ് ഈ നോവലിന്റെ ഏറ്റവും വലിയ ആകർഷണം.

യതീന്ദ്രനാഥ് ബാനർജിയുടെ അന്ത്യ നിമിഷങ്ങളെ പുനരാവിഷ്കരിക്കാൻ ചേതനയെ ചാനലിലേക്ക് സഞ്ജീവ് മിത്ര ക്ഷണിക്കുന്നു. അവിടെ വച്ച് നഷ്ടപ്രണയത്തിന്റെ പ്രതികാരം എന്നപോലെ ചേതന സഞ്ജീവ് മിത്രയുടെ കഴുത്തിൽ കുരുക്കിടുകയും ചെയ്യുന്നു. ഈ നിമിഷം ചേതന പറയുന്നു 'ഈ ലോകം എനിക്ക് ഞാൻ തിരിച്ചുകൊടുത്തു 'എന്നാണ്.19ാം അധ്യായം അവസാനിക്കുന്നത് ഇങ്ങനെയാണ്.' ഞാൻ ചേതന ഗൃദ്ധാമാലിക് ഭാരതത്തിന്റെയും മുഴുവൻ ലോകത്തിന്റെ  സ്വാതന്ത്ര്യത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകം എന്നാണ്'.

ഒരു പെൺകുട്ടിയുടെ ജീവിതത്തിലൂടെ ഒരു യുഗത്തിന്റെ കഥകൂടിയാണ് കഥാകാരി ആരാച്ചാർ എന്ന നോവലിലൂടെ വായനക്കാർക്ക് മുമ്പിൽ അനാവരണം ചെയ്തിരിക്കുന്നത്.

അക്ഷരബിജു
8 ജി

# നന്ദി

മുത്തുമണികൾ എന്ന ഈ കൊച്ചു മാസികയ്ക്കു പിന്നിൽ പ്രവർത്തിച്ച കൊച്ചു കൂട്ടുകാർ, എന്റെ പ്രിയ സഹപ്രവർത്തകർ, ഹെഡ്മിസ്ട്രെസ്, പി റ്റി എ പ്രസിഡന്റ്, ബി. ആർ. സി കോർഡിനേറ്റർ, എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ച ശ്രീ. രാജീവ് സാർ
എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി. ഈ മാസിക നമ്മുടെ സ്കൂളിന്റെ സർഗാത്മകതയുടെ കണ്ണാടി ആകട്ടെ.

ആശംസകൾ .....

സ്നേഹത്തോടെ

കെ. സുരേഷ് കുമാർ.
സ്റ്റാഫ് സെക്രട്ടറി

ഗവ. മോഡൽ
ഹയർ സെക്കന്ററി സ്കൂൾ
ചാവടിനട, വെങ്ങാനൂർ